>> മുഖക്കുറിപ്പ്

# 'ദാറുൽ അംന്'

**ഇന്ത്യയെ** 'ദാറുൽ അംന്' ആയി പ്രഖ്യാപിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് വിശ്വഹിന്ദു പരിഷത്ത് രാജ്യത്തെ 13 പ്രമുഖ മുസ്‌ലിം സംഘടനകൾക്ക് കത്തയച്ച വാർത്ത വൻ പ്രാധാന്യത്തോടെയാണ് ദേശീയ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തത്. 'ദാറുൽ അംന്' എന്നാൽ സമാധാനഗേഹം. 'ദാറുൽ ഹർബി'ന്റെ വിപരീതമാണിത്. യുദ്ധത്തിലേർപ്പെട്ട ശത്രുരാജ്യമാണ് ദാറുൽ ഹർബ്. സാങ്കേതികമായി മുസ്‌ലിം രാജ്യങ്ങളുമായി സമാധാനത്തിൽ വർത്തിക്കുകയും മുസ്‌ലിം നാടുകളിൽനിന്നുള്ളവർക്ക് നിർഭയത്വവും സുരക്ഷയും വാഗ്ദത്തം ചെയ്യുകയും ചെയ്യുന്ന നാടുകളെ ദാറുൽ അംന് എന്ന് വിളിക്കുന്നു. ഇന്ത്യയെ മുസ്‌ലിംകൾ ദാറുൽ അംന് ആയി പ്രഖ്യാപിക്കണമെന്നാവശ്യപ്പെടുന്നതിന്റെ പിന്നിലുള്ള ചേതോവികാരമെന്തെന്ന് വി.എച്ച്.പിയുടെ ആശയങ്ങളുടെയും നിലപാടുകളുടെയും വെളിച്ചത്തിൽ സുവ്യക്തമാണ്. "ഇന്ത്യയെ മുസ്‌ലിംകളോട് യുദ്ധം ചെയ്യുന്ന ശത്രുരാജ്യമായി പരിഗണിച്ചുകൊണ്ടാണ് രാജ്യത്തിനകത്തും പുറത്തുമുള്ള മുസ്‌ലിം തീവ്രവാദികൾ ഇവിടെ ഭീകരാക്രമണങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. ഇന്ത്യൻ മുസ്‌ലിംകൾ തീവ്രവാദികളുടെ ഈ നിലപാട് അംഗീകരിക്കുകയും അവരെ സഹായിക്കുകയും ചെയ്യുന്നുണ്ട്. അതിനാൽ ഇന്ത്യ മുസ്‌ലിംകളുമായി യുദ്ധത്തിലേർപ്പെട്ട നാടല്ലെന്നും അവർക്ക് അഭയം നൽകുന്ന നാടാണെന്നും മുഖ്യധാരാ മുസ്‌ലിം സംഘടനകൾ പ്രഖ്യാപിച്ചുകൊണ്ട് അപകടകരമായ ഈ അവസ്ഥക്ക് അറുതിവരുത്തണം. അതിനു സന്നദ്ധരാകുന്നില്ലെങ്കിൽ ഹിന്ദുക്കൾ അവരെ ശക്തിയായി നേരിടേണ്ടതുണ്ട്."-ഇതാണ് വി.എച്ച്.പി കാഴ്ചപ്പാട്. ആവശ്യപ്പെട്ടതനുസരിച്ച് മുസ്‌ലിംകൾ പ്രഖ്യാപനം നടത്തുന്നുവെങ്കിൽ, അതുവഴി ഭീകരാക്രമണങ്ങളുടെ ഉത്തരവാദിത്വം പരോക്ഷമായി മുസ്‌ലിം സമുദായം ഏറ്റെടുക്കുന്നുവെന്നതാണ് വി.എച്ച്.പിയുടെ മറ്റൊരു ലക്ഷ്യം. ഇന്ത്യയെ അഭയസ്ഥാനം (ജന്മസ്ഥാനമല്ല) ആയി മുസ്‌ലിംകളെ കൊണ്ട് സ്വയം സമ്മതിപ്പിക്കുക എന്നതും വലിയ നേട്ടമാണ്. ഈ ആവശ്യം ലോക്സഭാ തെരഞ്ഞെടുപ്പ് ആസന്നമായ സന്ദർഭത്തിൽ തന്നെ ഉന്നയിച്ചത് യാദൃഛികമല്ല. ഹിന്ദുസമൂഹത്തിൽ ഇസ്‌ലാമോഫോബിയ വളർത്തുകയും അവരെ വർഗീയമായി ധ്രുവീകരിക്കുകയും അതിന്റെ വിളവ് ബി.ജെ.പി വോട്ടായി കൊയ്തെടുക്കുകയുമാണതിന്റെ ലക്ഷ്യം.

ദാറുൽ ഹർബ്, ദാറുൽ അംന്, ദാറുൽ കുഫ്റ് തുടങ്ങിയ പ്രയോഗങ്ങളൊന്നും വിശുദ്ധ ഖുർആനിലോ പ്രവാചക വചനങ്ങളിലോ കാണപ്പെടുന്നില്ല. പിൽക്കാലത്തുണ്ടായ ചില പ്രത്യേക രാഷ്ട്രീയ സാഹചര്യങ്ങളിൽ ഇസ്‌ലാമിക പണ്ഡിതന്മാർ ആവിഷ്കരിച്ച സാങ്കേതിക ശബ്ദങ്ങളാണവ. മതേതര ജനാധിപത്യ രാജ്യമായ ഇന്ത്യയെ സംബന്ധിച്ചേടത്തോളം ഈ പദാവലികളൊന്നും പ്രസക്തവുമല്ല. ഇന്ത്യ ഏതെങ്കിലും ഇസ്‌ലാമിക രാജ്യവുമായി യുദ്ധം ചെയ്യുന്നില്ല. ഉണ്ടെങ്കിൽതന്നെ, ആ രാജ്യത്തെ സർക്കാറിന്റെയും ജനങ്ങളുടെയും ദൃഷ്ടിയിലാണ് ഇന്ത്യ ദാറുൽ ഹർബ് ആവുക. ഇന്ത്യയുടെ ദൃഷ്ടിയിൽ ആ രാജ്യവും അങ്ങനെ തന്നെ. ഇന്ത്യൻ മുസ്‌ലിംകളുടെ ദാറുൽ ഹർബ് (ശത്രുരാജ്യം) ഒരിക്കലും ഇന്ത്യയല്ല; ഇന്ത്യയോട് യുദ്ധം ചെയ്യുന്ന രാജ്യമാണ്. ഇന്ത്യ ഏതെങ്കിലും രാജ്യവുമായി സമാധാനത്തിൽ വർത്തിക്കാനോ (ദാറുൽ അംന്) യുദ്ധത്തിൽ ഏർപ്പെടാനോ (ദാറുൽ ഹർബ്) ആഗ്രഹിക്കുന്നുവെങ്കിൽ അക്കാര്യം പ്രഖ്യാപിക്കേണ്ടതും നടപ്പിലാക്കേണ്ടതും ഇന്ത്യയിലെ മുസ്‌ലിംകളല്ല, ഇവിടത്തെ ഗവൺമെന്റാണ്. ഇന്ത്യൻ മുസ്‌ലിംകൾ ഈ രാജ്യത്ത് അഭയാർഥികളുമല്ല. മറ്റു പൗരസഞ്ചയങ്ങളെ പോലെ തലമുറകളായി ഇവിടെ ജനിച്ചു ജീവിച്ചുവരുന്നവരാണ്. മറ്റു പൗരന്മാർക്കുള്ള എല്ലാ അവകാശങ്ങളും ബാധ്യതകളും തുല്യ അളവിൽ തന്നെ അവർക്കുമുണ്ട്. അതുകൊണ്ട് ഇന്ത്യൻ മുസ്‌ലിംകൾക്ക് ഈ രാജ്യം ദാറുൽ അംന് (അഭയസ്ഥാനം) അല്ല; ദാറുൽ വത്വൻ (ജന്മസ്ഥാനം) ആണ്. നിർഭയത്വവും സുരക്ഷയും മുസ്‌ലിംകൾക്കിവിടെ ആരുടെയും ഔദാര്യമല്ല; ജന്മാവകാശമാണ്.

ഇന്ത്യയിൽ ഭീകരപ്രവർത്തനങ്ങൾ നടക്കുന്നുവെന്നത് ഒരു വസ്തുതയാണ്. അതിർത്തി സംസ്ഥാനങ്ങളിലെ വിഘടനവാദികളും ഉൾനാടുകളിലെ മാവോയിസ്റ്റുകളും സമരോത്സുക ഹിന്ദുത്വവാദികളുമെല്ലാം അത് നടത്തുന്നുണ്ട്. തീവ്രവാദികളുടെ കൂട്ടത്തിൽ ചില മുസ്‌ലിംകളുമുണ്ട്. ഇന്ത്യയിൽ മാത്രമല്ല മുസ്‌ലിം തീവ്രവാദികൾ ആക്രമണം നടത്തുന്നത്. പാകിസ്താനും അഫ്ഗാനിസ്താനും ഇറാഖുമെല്ലാം ഇന്ത്യയെക്കാളേറെ ഭീകരാക്രമണങ്ങൾ നേരിടുന്ന നാടുകളാണ്. നൂറുശതമാനം മുസ്‌ലിംകളുള്ള, ഇസ്‌ലാമിക ശരീഅത്ത് നടപ്പിലുള്ള സുഊദി അറേബ്യയിൽ പോലും തീവ്രവാദികളും ഭീകരാക്രമണങ്ങളുമുണ്ട്. ഇതൊന്നും ആ രാജ്യങ്ങൾ സാങ്കേതികാർഥത്തിലുള്ള ദാറുൽ ഹർബോ ദാറുൽ കുഫ്റോ ആണ് എന്ന അടിസ്ഥാനത്തിലല്ലെന്ന് വ്യക്തമാണല്ലോ. ഓരോ ഭീകരപ്രസ്ഥാനത്തിനും അതിന്റേതായ ലക്ഷ്യം കാണും. അത് എന്തായാലും ഇസ്‌ലാം അല്ല. ഇസ്‌ലാം ഭീകര വിധ്വംസക പ്രവർത്തനങ്ങളെ ഒട്ടും അനുവദിക്കുന്നുമില്ല. ഇന്ത്യയിൽ മാത്രമല്ല, ലോകത്തെങ്ങുമുള്ള ഇസ്‌ലാമിക സംഘടനകളും പണ്ഡിതന്മാരും ഭീകരപ്രവർത്തനങ്ങളെ നിഷേധിക്കുകയും അപലപിക്കുകയും ചെയ്തിരിക്കുന്നു. ഇന്ത്യ സ്വന്തം നാടും ഇവിടത്തെ ജനങ്ങൾ ജാതിമത ഭേദമന്യേ സ്വന്തം സഹോദരന്മാരും ആണെന്ന വിശ്വാസവും, ഈ രാജ്യത്തിന്റെ സുരക്ഷയും സമാധാനവും അഭംഗുരം നിലനിൽക്കണമെന്ന അദമ്യമായ അഭിലാഷവും എല്ലാ മുസ്‌ലിം ഹൃദയങ്ങളിലുമുണ്ട്.

എന്നാൽ ഈയൊരു വികാരമാണോ വി.എച്ച്.പിയെയും അതിന്റെ പരിവാര സംഘങ്ങളെയും നയിക്കുന്നത് എന്ന് ഒരാത്മ പരിശോധന നടത്താൻ അവർ തയാറാവേണ്ടതുണ്ട്. സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ നടന്ന അമ്പതിനായിരത്തിലേറെ കലാപങ്ങൾക്കും കൂട്ടക്കൊലകൾക്കും ഉത്തരവാദികൾ ആരാണ്? ഇസ്‌ലാമിനെയും മുസ്‌ലിംകളെയും ഇന്ത്യയിൽനിന്ന് പുറംതള്ളണമെന്ന് വാദിക്കുന്നതും, ആ വാദക്കാരെ ജനപ്രതിനിധികളും ഭരണാധികാരികളുമായി നിയോഗിക്കുന്നതും ആരാണ്? മുസ്‌ലിംകളെ കൂട്ടക്കൊല ചെയ്ത കുറ്റവാളികൾ ഒരു നടപടിക്കും വിധേയരാകാതെ സ്വതന്ത്രരായി വിഹരിക്കുന്നതെന്തുകൊണ്ടാണ്?ആദരണീയമായ ഒരു ദേവാലയം-ബാബരി മസ്ജിദ്- വർഗീയ ലഹരിയിലാണ്ട ജനക്കൂട്ടത്താൽ പട്ടാപ്പകൽ ഇടിച്ചുനിരത്തപ്പെട്ടതെങ്ങനെയാണ്? ഈ സാഹചര്യത്തിൽ വൈരം മറന്ന് സ്നേഹവികാരത്തോടെ എല്ലാവരും കൈകോർക്കാൻ തയാറാവാതെ മുസ്‌ലിംകളെക്കൊണ്ട് ദാറുൽ അംന് പറയിച്ചാൽ ഇന്ത്യയിൽ സമാധാനം കളിയാടുമോ? ■